# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 ജനുവരി 31, ബുധൻ

**നമ്പർ 98**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

സാമ്പത്തിക മാനേജ്മെന്റിലെ പാളിച്ചകൾമൂലമുള്ള സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് സംസ്ഥാനത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. വി. ഡി. സതീശനും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നല്കിയിരുന്നു. ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ്, കേരള കോൺഗ്രസ്(ജെ), കേരള കോൺഗ്രസ് (എം) എന്നീ പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ:

(1) റബ്ബറിന്റെ ഇറക്കുമതിമൂലമുണ്ടായ വിലത്തകർച്ചയെത്തുടർന്ന് സംസ്ഥാനത്തെ റബ്ബർ കർഷകരും തൊഴിലാളികളും നേരിടുന്ന പ്രതിസന്ധി പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. രാജു എബ്രഹാം കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) നിർദ്ദിഷ്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ എല്ലാ സ്ട്രീമുകളിലും സംവരണം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

KNPP. 186/2018(i).

<u>ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം അംഗങ്ങൾ താഴെപ്പറയുന്ന വിഷയങ്ങൾ സഭയിൽ ഉന്നയിച്ചു

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ.രമേശ് ചെന്നിത്തല | വീടുകളിൽ സ്റ്റിക്കർ പതിക്കുന്നതിലെ ദുരൂഹത | മുഖ്യമന്ത്രി |
| 2 | ശ്രീ. എ. എൻ. ഷംസീർ | കോടതി റിക്കാർ ഡുകളുടെ ഡിജിറ്റലൈസേഷൻ | മുഖ്യമന്ത്രി |
| 3 | ശ്രീ. ബി. സത്യൻ | നഗരൂരിൽ പോലീസ് സ്റ്റേഷൻ പ്രവർത്തനം തുടങ്ങുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. കെ. എസ്. ശബരീനാഥൻ | പത്മശ്രീ ശ്രീമതി ലക്ഷ്മിക്കുട്ടി അമ്മയ്ക്ക് പാരമ്പര്യ ആദിവാസി ചികിത്സാ കേന്ദ്രവും മ്യൂസിയവും അനുവദിക്കുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീമതി ഇ. എസ്. ബിജിമോൾ | കെ.എൽ.ആർ.ആക്ട് വരുന്നതിന് മുമ്പ് ഭൂമി വാങ്ങിയവർക്ക് അവകാശം ലഭ്യമാക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. സി. ജോസഫ് | ചെറുപുഴ വള്ളിത്തോട് മലയോര ഹൈവേ | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. എൻ. എ. ഖാദർ | വേങ്ങര ബൈപ്പാസ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. എ. പി. അനിൽ കുമാർ | കാക്കത്തോട് പാലം പുനർ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ദൃശ്യ മാധ്യമ മേഖലയിലെ സേവന വേതന വ്യവസ്ഥകൾ നടപ്പാക്കുന്നത് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 10 | ശ്രീ. കെ. വി. വിജയദാസ് | സഹകരണ ബാങ്കുകൾ വഴി നെല്ല് സംഭരണം | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |
| 11 | ശ്രീ. വി. അബ്ദുറഹിമാൻ | വഖഫ് ബോർഡിന് കീഴിലുള്ള പള്ളികളിലെ ഓഡിറ്റ് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച

2018 ജനുവരി 22-ന് ഗവർണർ ചെയ്ത പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച തുടർന്നു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. സി. കെ. ശശീന്ദ്രൻ

ശ്രീമതി വീണാ ജോർജ്ജ്

ശ്രീ. വി. എസ്. ശിവകുമാർ

ശ്രീ. മുഹമ്മദ് മുഹസിൻ പി.

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. എൻ. വിജയൻ പിള്ള

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

ഡോ. എം. കെ. മുനീർ

ശ്രീ. എസ്. ശർമ്മ

ശ്രീ. രമേശ് ചെന്നിത്തല, പ്രതിപക്ഷനേതാവ്

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ, കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ എന്നിവർ മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭ തള്ളി. തുടർന്ന് നന്ദിപ്രമേയം വോട്ടിനിടുകയും സഭ അംഗീകരിക്കുകയും ചെയ്തു.

2018 ഫെബ്രുവരി 1-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 2.35-ന് സഭ പിരിഞ്ഞു

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Ninth Session**

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, January 31, 2018*

**No. 98**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Four questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Finance and Coir the Speaker withheld the consent to the moving of an adjournment motion given notice of by Shri V. D. Satheesan and two other Members regarding the serious situation reported to have arisen consequent on the economic mismanagement which led to financial crisis in the State.

In protest against the attitude of the Government in this matter the Members belonging to Indian National Congress, Indian Union Muslim League, Kerala Congress (J) and Kerala Congress (M) staged a walkout.

*Calling Attention:*

(1) Shri Raju Abraham called the attention of the Minister for Agriculture to the necessity to solve the crisis being faced by rubber cultivators and labourers in the State due to fall in price of rubber as a result of its import.

(2) Prof. Abid Hussain Thangal called the attention of the Chief Minister to the necessity to bring about reservation in all streams of the proposed Kerala Administrative Service.

KNPP. 186/2018(ii).

*The matters raised by Members Under Rule 304:*

The matters raised by Members in the House Under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | വീടുകളിൽ സ്റ്റിക്കർ പതിക്കുന്നതിലെ ദുരൂഹത | മുഖ്യമന്ത്രി |
| 2 | ശ്രീ. എ. എൻ. ഷംസീർ | കോടതി റിക്കാർഡുകളുടെ ഡിജിറ്റലൈസേഷൻ | മുഖ്യമന്ത്രി |
| 3 | ശ്രീ. ബി. സത്യൻ | നഗരൂരിൽ പോലീസ് സ്റ്റേഷൻ പ്രവർത്തനം തുടങ്ങുന്നത് | മുഖ്യമന്ത്രി |
| 4 | ശ്രീ. കെ. എസ്. ശബരീനാഥൻ | പത്മശ്രീ ശ്രീമതി ലക്ഷ്മിക്കുട്ടി അമ്മയ്ക്ക് പാരമ്പര്യ ആദിവാസി ചികിത്സാ കേന്ദ്രവും മ്യൂസിയവും അനുവദിക്കുന്നത് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീമതി ഇ. എസ്. ബിജിമോൾ | കെ.എൽ.ആർ.ആക്ട് വരുന്നതിന് മുമ്പ് ഭൂമി വാങ്ങിയവർക്ക് അവകാശം ലഭ്യമാക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. കെ. സി. ജോസഫ് | ചെറുപുഴ വള്ളിത്തോട് മലയോര ഹൈവേ | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. എൻ. എ. ഖാദർ | വേങ്ങര ബൈപ്പാസ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. എ. പി. അനിൽ കുമാർ | കാക്കത്തോട് പാലം പുനർ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. കെ. വി. അബ്ദുൾ ഖാദർ | ദൃശ്യ മാധ്യമ മേഖലയിലെ സേവന വേതന വ്യവസ്ഥകൾ നടപ്പാക്കുന്നത് | തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
| 10 | ശ്രീ. കെ. വി. വിജയദാസ് | സഹകരണ ബാങ്കുകൾ വഴി നെല്ല് സംഭരണം | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |
| 11 | ശ്രീ. വി. അബ്ദുറഹിമാൻ | വഖഫ് ബോർഡിന് കീഴിലുള്ള പള്ളികളിലെ ഓഡിറ്റ് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

The Ministers made statement on the respective subjects.

Discussion on the Motion of thanks to the Governor's Address:

Discussion on the Motion of Thanks to the Governor's Address resumed.

The following Members participated in the discussion:

Shri C. K. Saseendran

Smt. Veena George

Shri V. S. Sivakumar

Shri Muhammed Muhassin P.

Shri K. D. Prasenan

Shri Mons Joseph

Shri N. Vijayan Pillai

Shri E. T. Taison Master

Dr. M. K. Muneer

Shri S. Sarma

Shri Ramesh Chennithala, Leader of Opposition.

Shri A. C. Moideen, Minister for Industries, Sports and Youth affairs, Shri Kadakampally Surendran, Minister for Co-operation, Tourism and Devaswoms, Shri V. S. Sunil Kumar, Minister for Agriculture and Shri Pinarayi Vijayan, Chief Minister replied to the points raised in the discussion. The amendments moved were declared lost. The Motion of Thanks was then put to vote adopted by the House.

The House adjourned at 2.35 p.m. to meet again at 8.30 a.m. on Thursday February 1, 2018.

V. K. BABU PRAKASH

*Secretary.*